**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 505**

**29.10.2019 - ലെ മറുപടിയ്ക്ക്**

**ശമ്പളം ട്രഷറി വഴി വിതരണം ചെയ്യുന്ന പദ്ധതി**

| | ചോദ്യം | മറുപടി |
|---|---|---|
| | **ശ്രീ. കെ.രാജൻ, ശ്രീ. ജി.എസ്. ജയലാൽ** | **ധനകാര്യവും കയറും വകുപ്പ് മന്ത്രി ഡോ. റ്റി.എം. തോമസ് ഐസക്** |
| (എ) | സർക്കാർ ജീവനക്കാരുടെയും അദ്ധ്യാപകരുടെയും ശമ്പളം ട്രഷറി വഴി വിതരണം ചെയ്യുന്ന പദ്ധതിയുടെ പുരോഗതി വിശദമാക്കുമോ; | സംസ്ഥാനത്തെ സർക്കാർ ജീവനക്കാർക്കും അദ്ധ്യാപകർക്കും ഇ.ടി.എസ്.ബി അക്കൗണ്ട് വഴി ശമ്പളം വിതരണം ചെയ്യുന്നതിന് സ.ഉ.നം.67/2019/ധന തീയതി 13/06/2019 പ്രകാരം ഉത്തരവായിട്ടുള്ളതാണ്. ഘട്ടംഘട്ടമായി നടപ്പിലാക്കിയ ഈ പദ്ധതിയിൽ ഓഗസ്റ്റ് മാസത്തോടുകൂടി കേരളത്തിലെ മുഴുവൻ സർക്കാർ ജീവനക്കാരേയും ഉൾപ്പെടുത്തുവാൻ സാധിച്ചു നിലവിൽ സംസ്ഥാനത്തെ സർക്കാർ വകുപ്പുകളിൽ സ്പാർക്കിലൂടെ ശമ്പള ബിൽ തയ്യാറാക്കുന്ന മുഴുവൻ ജീവനക്കാരും ഈ പദ്ധതിയിൻകീഴിലാണ്. |
| (ബി) | ഇ-ടി.എസ്.ബി അക്കൗണ്ടിൽ ബാക്കി നിൽക്കുന്ന തുകയ്ക്ക് നല്കുന്ന പലിശ നിരക്ക് ബാങ്കുകൾ നല്കുന്നതിനേക്കാൾ അധികമാണോ; വ്യക്തമാക്കുമോ; | GO(P)No.94/2019/Fin dated 20/07/2019 പ്രകാരം ഇ.ടി.എസ്.ബി അക്കൗണ്ടിൽ ഓരോ മാസത്തേയും പതിനെട്ടാം തീയതി വരെ നിലനിൽക്കുന്ന ഏറ്റവും കുറഞ്ഞ ബാലൻസിന് 6% പലിശയാണ് സർക്കാർ നൽകി വരുന്നത്. ഇത് ബാങ്കുകൾ നൽകുന്ന പലിശയേക്കാൾ ഉയർന്നതാണ്. |
| (സി) | ട്രഷറി അക്കൗണ്ടിൽ ബാക്കി നില്ക്കുന്ന തുകയുടെ വിനിമയം സംബന്ധിച്ച് എന്ത് തീരുമാനമെടുക്കാനും ജീവനക്കാരന് അവകാശമുണ്ടോ; വ്യക്തമാക്കുമോ; | ഇ.ടി.എസ്.ബി അക്കൗണ്ടിൽ ബാക്കി നിൽക്കുന്ന തുക വ്യക്തികൾക്ക് അവരവരുടെ താത്പര്യമനുസരിച്ച് ചെക്ക് മുഖേന പണമായി പിൻവലിക്കുകയോ, മറ്റ് ബാങ്ക്/ട്രഷറി അക്കൗണ്ടുകളിലേക്ക് മാറ്റുകയോ (NEFT) ചെയ്യാവുന്നതാണ്. |
| (ഡി) | ഇത്തരത്തിൽ ശമ്പളബാക്കി ട്രഷറിയിൽ സൂക്ഷിക്കുന്നത് സർക്കാരിന് എത്രമാത്രം ഗുണകരമാകുമെന്ന് അറിയിക്കുമോ? | ഇ.ടി.എസ്.ബി സംവിധാനം വരുന്നതിനു മുൻപ് ഭൂരിഭാഗം ജീവനക്കാരുടെയും മുഴുവൻ ശമ്പളവും ബാങ്ക് അക്കൗണ്ടുകളിലേക്ക് മാറ്റപ്പെടുകയാണ് ചെയ്തുവന്നിരുന്നത്. ഇതിൽ നിന്നും ആവശ്യത്തിനുള്ള തുക മാത്രം പിൻവലിക്കുകയും ബാക്കി തുക ബാങ്കിൽ നിലനിർത്തുകയും ചെയ്യുന്നു. എന്നാൽ |

| | | |
|---|---|---|
| | | നിലവിൽ ശമ്പളത്തിൽ നിന്നും മിച്ചം വരുന്ന തുക ഇ.ടി.എസ്.ബി അക്കൗണ്ടുകളിൽ സൂക്ഷിക്കപ്പെടുകയും ആവശ്യാനുസരണം മാത്രം പിൻവലിക്കപ്പെടുകയും ചെയ്യുവരുന്നു. ഇപ്രകാരം മാസത്തെ ആദ്യദിവസങ്ങളിലെ ഒറ്റയടിക്കുള്ള പിൻവലിക്കൽ ഒഴിവാക്കപ്പെടുന്നതുകൊണ്ട് ട്രഷറിയിലെ പണ ലഭ്യതയിൽ കാര്യമായ വർദ്ധനവ് ഉണ്ടാകുന്നതാണ്. |

Meji Cr

**സെക്ഷൻ ഓഫീസർ**